(ബി) പൊതുവിപണിയെക്കാൾ 20 ശതമാനം വിലകുറച്ച് സബ്സിഡി നിരക്കിൽ 43 ഇനങ്ങൾ ക്രിസ്തുമസിന് നൽകുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 13 ഇനം നിത്യോപയോഗ സാധനങ്ങൾ 2015 ഡിസംബർ 15 മുതൽ 31 വരെ സർക്കാർ സബ്സിഡിയോടെ സപ്ലൈകോ ക്രിസ്തുമസ് വിപണിയുടെ നിരക്കിൽ വിപണനം നടത്തിയിട്ടുണ്ട്.

(സി) ഉത്സവകാലങ്ങളിൽ കൺസ്യൂമർ ഫെഡറേഷൻ മുഖാന്തരം നന്മ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ എന്നിവയിലൂടെ അവശ്യസാധനങ്ങൾ പൊതുവിപണിയിൽ നിന്നും കുറഞ്ഞ വിലയ്ക്ക് വില്പന നടത്തിവരുന്നു. 2015-ലെ ക്രിസ്തുമസ് ആഘോഷങ്ങളോടനുബന്ധിച്ച് ഡിസംബർ 15 മുതൽ 31 വരെ ക്രിസ്തുമസ് ചന്തകൾ നടത്തുകയും അവയിലൂടെ 14.48 കോടി രൂപയുടെ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്.

നീതി സ്റ്റോറുകളിൽ സെയിൽസ്മാനായി പ്രവർത്തിക്കുന്നവരെ സ്ഥിരപ്പെടുത്തൽ

110(2148) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതിസ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സെയിൽസ്മാനായി പ്രവർത്തിക്കുന്ന എത്ര പേരെ 2010-ലെ സർക്കാർ ഉത്തരവനുസരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ട്; കൊല്ലം ജില്ലയിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കൊല്ലം ജില്ലയിലെ പുനലൂർ സർവ്വീസ് സഹകരണ ബാങ്കിൽ (ക്ലിപ്തം നമ്പർ 2722) സെയിൽസ്മാൻ റിട്ടയർ ചെയ്ത വേക്കൻസിയിൽ നിയമനം നടത്തിയിട്ടുണ്ടോ;

(സി) അഭിലാഷ്. കെ. എന്നയാൾ സെയിൽസ്മാനായി എന്നുമുതലാണ് കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതെന്നു വ്യക്തമാക്കാമോ; ഇദ്ദേഹത്തെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) സഹകരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം ഇദ്ദേഹത്തിന് സ്ഥിരം നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നീതി സ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സെയിൽസ്മാനായി പ്രവർത്തിക്കുന്ന 107 പേരെ 2010-ലെ സർക്കാർ ഉത്തരവനുസരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 18 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ പുനക്കന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ (ക്ലിപ്തം നമ്പർ 2722) സെയിൽസ്മാൻ റിട്ടയർ ചെയ്ത വേക്കൻസിയിൽ നിയമനം നടത്തിയിട്ടില്ല.

(സി) അഭിലാഷ് കെ. എന്നയാൾ 3 വർഷമായി സെയിൽസ്മാൻ തസ്തികയിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുവരുന്നു. ഇദ്ദേഹത്തെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയമാനുസൃത അപേക്ഷ ലഭിച്ചിട്ടില്ല. ആയതിനാൽ ടി വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) അഭിലാഷ് കെ. എന്നയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിയമാനുസൃത അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ചശേഷം മാത്രമേ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

നിക്ഷേപങ്ങൾക്കുള്ള സുരക്ഷ

111(2149) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നിക്ഷേപങ്ങൾക്കുള്ള സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സഹകരണമേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.